"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.07.2024-ലെ 1(1), 19.07.2024-ലെ 1(1) എന്നീ തീരുമാനങ്ങൾ റദ്ദ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1708/2025/LSGD തീയതി, തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11/07/2024-ലെ 1(1), 19/07/2024-ലെ 1(1) നമ്പർ തീരുമാനങ്ങൾ.
2. മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/07/2024-ലെ എസ്.സി3-907/2022 നമ്പർ കത്ത്.
3. 30.08.2024-ലെ സ.ഉ.(സാധാ.) നം.1602/2024/LSGD
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ 25.04.2025-ലെ റഫറൻസ് നം.4/2024 ഉത്തരവ്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിലെ 13-ാം വാർഡിൽ ചിക്കൻ റെൻഡറിംഗ് പ്ലാന്റിന് നിർമ്മാണാനുമതി ലഭിക്കുന്നതിനായി ശ്രീ. രമേശ് ചേലക്കൽ സമർപ്പിച്ച അപേക്ഷ 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 233-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നുവെന്നും കമ്മിറ്റി യോഗത്തിൽ മുഴുവൻ അംഗങ്ങളും പ്രസ്തുത പ്ലാന്റിന് അനുമതി നൽകുന്നതിനെ എതിർത്തുവെന്നും പ്രസ്തുത അപേക്ഷ, അധികാരികളിൽ നിന്നുമുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള യുക്തമായ അപേക്ഷയായതിനാൽ അത് അനുവദിക്കേണ്ടതാണെന്നും ഇത്തരത്തിലുള്ള അപേക്ഷകളിൽ അനുമതി നിരസിക്കുന്നതിന് പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം 2018-ലെ ഭേദഗതി പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും പൂർണ്ണമായോ, യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾക്ക് വിധേയമായോ അനുവാദം നൽകുന്നതിനാണ് നിലവിലുള്ള വ്യവസ്ഥ എന്നും നിർമ്മാണാനുമതി നിയമാനുസൃത ഫീസ് ഈടാക്കി അനുവദിക്കേണ്ടത് ചട്ടം 233-ലെ ഭേദഗതി പ്രകാരം നിർബന്ധിത വ്യവസ്ഥയാണെന്നും അതിനാൽ ടി തീരുമാനം നിയമപരമല്ലെന്ന് പഞ്ചായത്ത് സെക്രട്ടറി ചൂണ്ടിക്കാട്ടിയെങ്കിലും പ്ലാന്റിന് അനുമതി നൽകിയാൽ പ്രസ്തുത കെട്ടിടത്തിൽ മനുഷ്യജീവന്റെ ആരോഗ്യത്തിനും പൊതുജീവിതത്തിനും അപകടമുണ്ടാക്കാൻ സാധ്യതയുള്ളതുമായ വ്യവസായ സംരംഭം ആരംഭിക്കാൻ സാധ്യതയുണ്ടെന്നും അനുവാദം നൽകേണ്ടതില്ലെന്നും പഞ്ചായത്ത് ഭരണസമിതി 11/07/2024-ലെ 1(1) നമ്പർ തീരുമാനമെടുത്തിട്ടുണ്ടെന്നും ടി തീരുമാനം 2003-ലെ കേരള പഞ്ചായത്ത് രാജ്(നിയമാനുസൃത

പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 4 പ്രകാരം പുനരവലോകനം ചെയ്യുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19/07/2024 തീയതിയിലെ കമ്മിറ്റി യോഗം ടി വിഷയം പുനരവലോകനം ചെയ്യുകയും മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും തീരുമാനിക്കുകയും (തീരുമാനം നം. 1(1)) ചെയ്തിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ടി തീരുമാനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയത്തിൻ മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ അനുസരിച്ച് പരാമർശം (2) പ്രകാരം സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ട പരാമർശം(1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെത്തുടർന്ന് ടി തീരുമാനങ്ങൾ, കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ വകുപ്പ് 191 പ്രകാരം സ്റ്റേ ചെയ്യും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്യും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3) ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതവും ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങളും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ടെന്നും കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നത് സെക്രട്ടറിയുടെ മാത്രം അധികാരപരിധിയിൽ വരുന്ന വിഷയമാണെന്നും അതിൽ പ്രസ്തുത അനുമതി നിരസിക്കുന്നതിന് പഞ്ചായത്തിന് കഴിയുകയില്ലെന്നും ബഹു. ട്രൈബ്യൂണൽ വിലയിരുത്തുകയും അതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ സെക്ഷൻ 185ബി-യുടെ ലംഘനമാണെന്നും നിയമപരമല്ലെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ശരിയും നിയമപരവുമാണെന്നും പരാമർശം (4) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം ബഹു. ട്രൈബ്യൂണലിന്റെ ഉപദേശം പരിഗണിച്ച്, മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11.07.2024-ലെ 1(1), 19.07.2024-ലെ 1(1) എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ, കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ വകുപ്പ് 191(2) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത തീരുമാനങ്ങൾ റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
പ്രസിഡന്റ്, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(RB3/41/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 10-07-2025 16:04:02